## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1626** **04.10.2016- ൽ മറുപടിക്ക്**

**"ചെറുകിട വ്യവസായ വികസനം "**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ. ഇ.പി.ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലാകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |
| ബി) | കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ മേഖലയിൽ ഉണ്ടായ വളർച്ച മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; | ബി) | ഉണ്ട് |

| | | | |
|---|---|---|---|
| സി) | ജനസംഖ്യാനുപാതികമായി ഈ മേഖലയിൽ സംസ്ഥാനത്തിന്റെ വളർച്ച എത്ര ശതമാനം ആയിരുന്നു വെന്ന് വ്യക്തമാക്കുമോ? | സി) | കേരള സംസ്ഥാനത്ത് മൊത്തം ജനസംഖ്യയുടെ 9.94% മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് സെക്ടറുമായി ബന്ധപ്പെട്ട് ജോലി ചെയ്ത് വരുന്നു. കൂടാതെ മൊത്തം ജനസംഖ്യയുടെ 4.32% മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇത് മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ കൂടുതലാണ്. |

**സെക്ഷൻ ഓഫീസർ**